

FRIDAY 12/09/2025 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/09/2025

1. തിരുവനന്തപുരം ആനയറ വി എഫ് പി സി കെ കൃഷി ബിസിനസ്സ് കേന്ദ്രയിൽ വിവിധ ഇനങ്ങളിലുള്ള തെങ്ങിൻ തൈകൾ, മാവിൻ തൈകൾ, പ്ലാവിനങ്ങൾ, റംബൂട്ടാൻ, കമുക്, കുരുമുളക് വള്ളികൾ, ജൈവ ഉത്പാദനോപാധികൾ, ചാണകപ്പൊടി (സമ്പുഷ്ടീകരിച്ചത് ), വേപ്പിൻപിണ്ണാക്ക്, എല്ലുപൊടി, മീൻവളം, കപ്പലണ്ടിപ്പിണ്ണാക്ക്, ബ്യൂവേറിയ, വെർട്ടിസീലിയം, ട്രൈക്കോ ഡെർമ, മെറ്റാറൈസിയം, എന്നിവയും വാഴ കൃഷിക്കും പച്ചക്കറി കൃഷിക്കും ആവശ്യമായ അയർ തുടങ്ങിയവ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ – 8289907652, 9495311486

2. കേന്ദ്ര സർക്കാർ "ദേശീയ ഗോപാൽ രത്ന പുരസ്കാരം 2025 " അപേക്ഷ ക്ഷണിച്ചു. തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി ഏറ്റവും നല്ല രീതിയിൽ പരിപാലിക്കുന്ന ക്ഷീര കർഷകൻ, ഏറ്റവും നല്ല ഡയറി കോപ്പറേറ്റീവ് / മിൽക്ക് പ്രൊഡ്യൂസർ കമ്പനി / ഡയറി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ , ഏറ്റവും

നല്ല എ.ഐ ടെക്നീഷ്യൻ (AIT), എന്നീ വിഭാഗങ്ങളിലാണ് അവാർഡ് നൽകുന്നത്. മുൻ വർഷങ്ങളിൽ ഗോപാൽരത്ന/കാമധേനു അവാർഡ് എന്നിവയിൽ ഏതെങ്കിലും അവാർഡ് ലഭിച്ചിട്ടുള്ള കർഷകർ/ സ്ഥാപനങ്ങൾ ഗോപാൽ രത്ന 2025 പുരസ്കാരത്തിന് അപേക്ഷിക്കുവാൻ പാടുള്ളതല്ല. കേന്ദ്രസർക്കാർ (എൻ.ബി.എ.ജി.ആർ) അംഗീകരിച്ച തനത് ജനുസ്സിൽപ്പെട്ട കന്നുകാലികൾ (പശുക്കൾ –53 ജനുസ്സുകൾ, എരുമ – 20 ജനുസ്സുകൾ) പരിപാലിക്കുന്ന കർഷകർക്ക് അപേക്ഷിക്കാൻ യോഗ്യതയുണ്ട്. 90 ദിവസത്തെ കൃത്രിമ ബീജാധാന പരിശീലനം ലഭിച്ചിട്ടുള്ള സംസ്ഥാനങ്ങളിലെയോ, കേന്ദ്ര ഭരണ പ്രദേശങ്ങളിലേയോ കന്നുകാലി വികസന ബോർഡുകൾ/മിൽക്ക് ഫെഡറേഷനുകൾ/എൻ.ജി.ഒ കൾ/മറ്റ് സർക്കാർ/സ്വകാര്യ ബീജാധാന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന എ.ഐ ടെക്നീഷ്യന്മാർക്ക് ഗോപാൽരത്ന പുരസ്കാരത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വെറ്ററിനറി ഡോക്ടർമാരെ ഈ പുരസ്കാരത്തിന് പരിഗണിക്കുന്നതല്ല. Ministry of Home Affairs (MHA) യുടെ https://awards.gov.in എന്ന

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**അവാർഡ് പോർട്ടലിലൂടെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 15/09/2025. താൽപ്പര്യമുള്ള ക്ഷീര കർഷകർ ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ഏറ്റവും അടുത്തുള്ള മൃഗാശുപത്രിയിലെ ബന്ധപ്പെട്ട ഡോക്ടറെയോ, ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥനേയോ, ക്ഷീര സഹകരണ സംഘങ്ങളേയോ സമീപിക്കാവുന്നതാണ്.**

3. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പഞ്ചായത്തിലെ മുഴവൻ വളർത്തുനായ്ക്കളെയും പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതിനും ലൈസൻസ് എടുക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് നൽകുന്നതിനുമായി ഇന്ന് (സെപ്തംബർ 12-ന) മംഗലയ്ക്കൽ നേതാജി ഗ്രന്ഥശാല, പല്ലാവൂർ (എച്ച് എസ് ), ആമച്ചൽ ക്ഷീരസംഘം, കുച്ചപ്പുറം ഗ്രന്ഥശാല, കുരുതംകോട് എൽ പി എസ്, കൊല്ലകോണം എന്നീ കേന്ദ്രങ്ങളിൽ വെച്ച് വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നു. പ്രസ്തുത ക്യാമ്പുകളിൽ വെച്ച് നായ്ക്കൾക്ക് സൗജന്യ നിരക്കിൽ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നു. നായ ഒന്നിന്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വാക്സിനേഷൻ ചാർജ്ജായി 55 രൂപ (രൂപ അൻപത്തി അഞ്ച് മാത്രം) വീതം നൽകേണ്ടതാണ്.

4. റബ്ബർതോട്ടങ്ങളിൽ 2025-ൽ റെയിൻഗാർഡ് ചെയ്യുന്നതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദകസംഘങ്ങൾക്ക് അപേക്ഷിക്കാം. റബ്ബർബോർഡ് വെബ്സൈറ്റിലുള്ള 'സർവീസ്പ്ലസ്' പോർട്ടൽ വഴി 2025 സെപ്റ്റംബർ 20 വരെ സംഘങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ്ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർ പ്രതി പരമാവധി 4000 രൂപയാണ് ധനസഹായം. വിശദവിവരങ്ങൾ റബ്ബർബോർഡ് വെബ്സൈറ്റിൽ www.rubberboard.gov.in നിന്ന് ലഭിക്കും. റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ലഭിക്കുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

5. തിരുവനന്തപുരം പട്ടം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 15 മുതൽ 25 വരെ സംരംഭകർക്കും ക്ഷീര കർഷകരായ വീട്ടമ്മമാർക്കുമായി ക്ഷീരോത്പന്ന നിർമ്മാണത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471 – 2440911 എന്ന ഫോൺ നമ്പറിലോ dtctvm99@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 17,18 തീയതികളിൽ **"വ്യാവസായികാടിസ്ഥാനത്തിലുള്ള പശുവളർത്തൽ"** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

7. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ **സെപ്തംബർ** 17, 18 തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706, 9388834424 എന്നീ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നമ്പരുകളിൽ വിളിക്കുകയോ അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുകയോ ചെയ്യുക.

## കാർഷിക നിർദേശം

8. നെൽകർഷകർ കുലവാട്ടം, തവിട്ടുപുള്ളി രോഗം, ഇലപ്പേൻ, തണ്ടുതുരപ്പൻ മുതലായവക്കെതിരെ ജാഗ്രത പാലിക്കേണ്ടതാണ്. കുലവാട്ടം (ബ്ലാസ്റ്റ്) രോഗം സാധാരണയായി കണ്ടുവരാറുള്ള സ്ഥലങ്ങളിൽ നൈട്രജൻ വളങ്ങളുടെ അമിത ഉപയോഗം കുറക്കുക. തണ്ടുതുരപ്പനെതിരേ ട്രൈക്കോഗ്രാം മുട്ടകാർഡുകൾ ഫലവത്താണ്. കൃഷിഭവനുമായി ബന്ധപ്പെട്ടാൽ കാർഡുകൾ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കും. പറിച്ച് നട്ട് 30 ദിവസത്തിനകം പാടത്ത് 20 കിലോഗ്രാം ചാണകത്തിൽ 1 കിലോഗ്രാം സ്യൂഡോമോണാസ് എന്ന തോതിൽ കലർത്തി മണ്ണിൽ ചേർത്തു കൊടുക്കുന്നത് രോഗങ്ങൾ വരാതിരിക്കാൻ സഹായകമാകും. ഗുണനിലവാരമുള്ള സ്യൂഡോമോണാസ് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ലഭ്യമാണ്.